**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് - തൃശ്ശൂർ ജില്ല - നാട്ടിക നിയോജക മണ്ഡലം - നാട്ടിക ഗ്രാമപഞ്ചായത്തിലെ **"തൃപ്രയാർ ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം"** - എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകി (എ.എസ് നമ്പർ AS/LGD/24/41278) -ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.855/2025/LSGD തീയതി,തിരുവനന്തപുരം, 28-03-2025

പരാമർശം:-
1. സ.ഉ(സാധാ)നം.3219/2020/ധന, തീയതി 26.05.2020
2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 14.03.2024ലെ LSGD/PD/9547/2024-DB7 നമ്പർ കത്ത്
3. സ.ഉ(സാധാ)നം.8169/2024/ധന, തീയതി 05.11.2024
4. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.11.2024 ലെ LSGD/PD/9547/2024-DB7 നമ്പർ കത്ത്

**ഉത്തരവ്**

2019-20 ബഡ്ജറ്റ് പ്രവൃത്തികളിൽ അനുബന്ധം II, ക്രമനമ്പർ 2651 ആയി5 **കോടി രൂപ** വകയിരുത്തി പൊതുമരാമത്ത് വകുപ്പിനെ നിർവ്വഹണ വകുപ്പായി ഉൾപ്പെടുത്തിയിരുന്ന' **നാട്ടിക ഗ്രാമപഞ്ചായത്തിലെ തൃപ്രയാർ ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം'** എന്ന പ്രവൃത്തി പരാമർശം (1) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലേക്ക് മാറ്റി ഭേദഗതി ചെയ്തിരുന്നു. 2021-22 ബഡ്ജറ്റ്, അനുബന്ധം II, ക്രമനമ്പർ 754 പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ രണ്ടാംഘട്ട നിർ മ്മാണത്തിനായി **3 കോടി രൂപയും** വകയിരുത്തിയിരുന്നു. ടി പ്രവൃത്തിയുടെ നിർവഹണ വകുപ്പായി തദ്ദേശസ്വയംഭരണ വകുപ്പിനെ ഭേദഗതി ചെയ്ത് പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. **'നാട്ടിക ഗ്രാമപഞ്ചായത്തിലെ തൃപ്രയാർ ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം'** എന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനായി എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള അനുബന്ധ രേഖകൾ സഹിതമുള്ള ശിപാർശ പരാമർശം (4) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1 &3) പ്രകാരം 20% തുക വകയിരുത്തി ഉൾപ്പെടുത്തിയിരിക്കുന്ന തൃശ്ശൂർ ജില്ലയിലെ നാട്ടിക നിയോജക മണ്ഡലത്തിലെ നാട്ടിക ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന **'നാട്ടിക ഗ്രാമപഞ്ചായത്തിലെ തൃപ്രയാർ**

**ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം**' എന്ന പ്രവൃത്തിക്ക് CTE-യുടെ Remarks- പാലിക്കുന്നതിന് വിധേയമായി 8 കോടി രൂപയുടെ ( എട്ട് കോടി രൂപ മാത്രം) ഭരണാനുമതി നൽകിയും, ടി പദ്ധതിക്ക് ആവശ്യമായ ചെലവ് '4515-00-800-92(NP)' എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവാകുന്നു.

REMARKS

1. The soil investigation is not enclosed in the DPR. Hence, it is opined that, the foundation requirements of the building based on the detailed soil investigation shall be done through Government approved agencies and its stability shall be ensured before issuing the Technical Sanction.
2. Structural Design is not seen done for the proposed building hence, the structural adequacy and structural stability shall be ensured before issuing the Technical Sanction considering economy.
3. The pavement for the bus bay shall be designed as per the relevant IS/IRC codes and the same shall be ensured by the TS authority before issuing the Technical Sanction considering economy.
4. The competent TS authority shall ensure the admissibility of provisions included in the estimate with the site conditions before issuing Technical Sanction,
5. AD shall ensure that the works proposed in the estimate shall satisfy the functional requirements as envisaged along with adequate safety features for the pedestrians.
6. The correctness of the rates adopted for Observed data's included in the estimates shall be ensured by the TS authority
7. Lump sum provision is provided for electrification; hence, detailed estimate shall be prepared before issuing TS.
8. Detailed estimate shall be prepared and TS accorded for the items with Lump sum provision
9. A copy of TS estimate may be forwarded to Finance for information

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
സെക്ഷൻ ഓഫീസർ
Date: 29-03-2025 16:04:17

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

3. സെക്രട്ടറി, നാട്ടിക ഗ്രാമപഞ്ചായത്ത്,തൃശ്ശൂർ ജില്ല
4. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് എ&ഇ) തിരുവനന്തപുരം
5. ധനകാര്യ (വികസന) വകുപ്പ് (E:2852933/DEV-3/108/2024-FIN dtd 03.03.2025)
6. ചീഫ് മിഷൻ ഡയറക്ടർ & എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
7. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്. ഐ & പി ആർ ഡി
8. കരുതൽ ഫയൽ (ഡി.ബി1/274/2024/എൽ.എസ്.ജി.ഡി)